**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് - പാലക്കാട് ജില്ല — 2009-10, 2010-11, 2011-12 വരെയുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.13 - ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**സ.ഉ (സാധാ) ന 3894/15/തസ്വഭവ. തിരുവനന്തപുരം, തീയതി:30/12/2015**

**പരാമർശം:-**
1) **പഞ്ചായത്ത് ഡയറക്ടറുടെ 11/05/2015-ലെ എം3-13458/15 നമ്പർ കത്ത്.**
2) **ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 11/08/2015-ലെ എൽ.എഫ്.7571/പി.റ്റി2/2015 നമ്പർ കത്ത്.**

## <u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2009-10, 2010-11, 2011-12 വരെയുള്ള വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.13 പ്രകാരം അംഗനവാടികൾക്ക് ഭക്ഷ്യധാന്യങ്ങൾ മാവേലിസ്റ്റോറിലെ വിലയിൽനിന്നും അധികരിച്ച് വാങ്ങിയ വകയിൽ 23,477/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്.ആയതിന് സാധൂകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം 1 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ തീരുമാനവും, ഭരണസമിതി തീരുമാനവും ആഡിറ്റ് പരാമർശങ്ങളുടെ പകർപ്പും, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി തീരുമാനവും സഹിതം പരാമർശം 1 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അനുകൂല ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ നിലവിലുള്ള ഉത്തരവുകൾക്ക് വിരുദ്ധമായാണ് ടി ചെലവ് നടത്തിയിട്ടുള്ളതെങ്കിലും എല്ലാ ഭക്ഷ്യ സാധനങ്ങളും യഥാസമയം ലഭിക്കാത്തതിനാലും എല്ലാ ഇനങ്ങളും ലഭിക്കാതെ വന്നാൽ അംഗനവാടികളിലെ കുട്ടികളുടെ ഉച്ച ഭക്ഷണം മുടങ്ങി പോകുമെന്ന സാഹചര്യത്തിലുമാണ് പഞ്ചായത്ത് തീരുമാനപ്രകാരം സഹകരണ സ്റ്റോറിൽ നിന്നും ഭക്ഷ്യ സാധനങ്ങൾ വാങ്ങിയതെന്നും സഹകരണ സ്റ്റോറിലെ ഭക്ഷ്യ സാധനങ്ങൾ മാവേലി സ്റ്റോറിലേതിനേക്കാൾ ഗുണനിലവാരം ഉള്ളതാണെന്നുമുള്ള നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി, ഗ്രാമപഞ്ചായത്തിന്റെ 26-09-2014 ലെ 15 നം തീരുമാനം, ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം 2

പ്രകാരം കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായത്തിന്റെയും പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2009-10, 2010-11, 2011-12 വരെയുള്ള വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.13 പ്രകാരം അധികം ചെലവഴിച്ച 23,477/-(ഇരുപത്തിമൂന്നായിരത്തി നാന്നൂറ്റി എഴുപത്തിയേഴ് രൂപ മാത്രം) രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.ആർ.പഴനിയമ്മ

ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ,പാലക്കാട്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത്, പാലക്കാട്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ